Mr. M. K. Devessy *(Adur):* I second it.

Mr. M. D. Narayana Ayyar *(Offg. Chief Engineer):* The Road Board has been recently constituted and at the last meeting of the Board, it was resolved that the works that should be taken up in the next five years' programme may be taken up after the Road Board Members have inspected the taluks. One or two taluks have already been inspected, and it is proposed to inspect the other taluks in the course of a few weeks. After the inspection, the names of the roads that are to be taken up for the next five years' programme will be taken up. I am sure this will also be taken up and considered in the programme, and if the Board resolves to recommend the work, it will certainly be taken up.

Mr. A. Eachara Menon *(Chittur-Rural):* I take objection to this resolution. Why should the Government recommend to the Road Board? You can recommend it.

Mr. A. V. Moothedan *(Chalakkudi):* I don't understand all this.

In view of the reply given by the Hon'ble Member for Engineering, I beg to withdraw my resolution.

Resolution by leave withdrawn

RESOLUTION No. 37

T. Bs. for Pazhanji and Mattam

Mr. C. V. Iyyu *(Kunnamkulam):* Sir, my resolution is as follows.—"*This Council recommends to the Government to open Travellers' Bungalows in Pazhanji Village and Mattam in Aloor Village of Talappalli Taluk*".

സർ, ഈ പറഞ്ഞ സ്ഥലത്തേക്ക് കന്ദംകുളത്തുനിന്ന് റോഡുവഴിക്ക് ന്ന നാഴിക അകലമുണ്ട്. വില്ലേജുകളിൽ ഉദ്യോഗസ്ഥന്മാർ പോയി താമസിക്കുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അതില്ല. അതിനുണ്ടായ പ്രധാന കാരണം കാറുകളുടെ ആവിർഭാവവും റോഡുകളുടെ സുലഭതയുമാണ്. പഴയ കാലങ്ങളിലെ ഉദ്യോഗസ്ഥന്മാർക്ക് വില്ലേജുകളിലുള്ള ജനങ്ങളെ സേവനം ചെയ്യുന്നതിനുണ്ടായിരുന്ന മനസ്ഥിതി ഈ വക സൌകര്യങ്ങളാൽ ഇപ്പോഴത്തെ ഉദ്യോഗസ്ഥന്മാർക്ക് ക്രമേണ കുറഞ്ഞുപോയിട്ടുണ്ടെന്നും പറയാതെ നിവൃത്തിയില്ല. ഇപ്പോഴത്തെ വൈസ്രോയി ബഹുമാനപ്പെട്ട ലിൻലിത്ഗോപ്രഭു അവർകളും വലിയ ഉദ്യോഗസ്ഥന്മാർപോലും കലക്ടർമാർ മുതലായ ഉദ്യോഗസ്ഥന്മാർതന്നെ വില്ലേജുകളിലുള്ള ആളുകളുടെയിടയിൽ പോയി അവരുമായി പരിചയപ്പെട്ട് അവരുടെ ആവശ്യങ്ങളെപ്പറ്റി അന്വേഷിച്ചു പഠിച്ചു അവകൾക്ക് നിവാരണമുണ്ടാക്കേണമെന്ന് പ്രത്യേകം സക്കുലർ അയച്ചിട്ടുള്ളതായി ഞാൻ കടലാസ്സിൽ വായിച്ചിട്ടുണ്ട്. ഈ സക്കുലർ ഉണ്ടായതിനുശേഷം ബ്രിട്ടീഷിന്ത്യയിൽ അങ്ങിനെ അന്വേഷണങ്ങൾ നടക്കുന്നുണ്ടെന്ന് എനിക്കനുഭവമുണ്ട്. എന്റെ അടുത്തുള്ള പ്ര

LIBRARY ARCHIVES Kerala Legislative Assembly

ദേശങ്ങളിൽ ബ്രിട്ടീഷ് അതുത്തി കടന്നാൽ പൊന്നാനി താലൂക്കിൽ സൈക്ലോൺ റിലീഫ് വക്കിന്നവേണ്ടി നാം, ൪-ം പ്രാവശ്യം മലബാർ കലക്ടർ മുതലായ വലിയ ഉദ്യോഗസ്ഥന്മാർ പല വില്ലേജുകളിലും വരുകയും അവിടെയുള്ള ട്രാവലേഴ്സ് ബംഗ്ളാവിൽ താമസിച്ച് ജനങ്ങളുമായി നേരിട്ട കണ്ടും സംസാരിച്ചും അവരുടെ സങ്കടങ്ങളെക്കുറിച്ച് മനസ്സിലാക്കിയതിന്റെ ഫലമായിട്ടുമാണ് അവക്ക് കഴിയുന്നതും വേഗം നികുതി ഇളവുചെയ്ത കൊടുത്തിരിക്കുന്നതു്. അങ്ങിനെ ഉദ്യോഗസ്ഥന്മാർ വില്ലേജുകളിൽ വന്ന് അവിടത്തെ ജനങ്ങളുടെ സങ്കടസ്ഥിതികളെ നേരിട്ട കണ്ടതിന്റെ ഫലമായിട്ടാണ് ൨൦൦ നാഴിക നീളവും ൪൦ നാഴിക വീതിയുമുള്ള ആ ജില്ലയിലെ ആളുകൾക്ക് ഇത്രയും വേഗം ദുരിതനിവാരണവും സാദ്ധ്യമായതു്. ഉദ്യോഗസ്ഥന്മാർ വന്നാൽ താമസിക്കുന്നതിന്ന് അവിടത്തെ വില്ലേജുകളിൽ മുസാവരികളുണ്ട്. ഇവിടെ വല്ല വില്ലേജിലും ടി. ബി. ഉണ്ടെങ്കിൽ അതു് ഗവൺമെണ്ടാപ്പീസ്സിന്റെ ഉപയോഗത്തിനൊടുക്കം. പഴയ കോവിലകങ്ങൾ എവിടെയെങ്കിലും ഉണ്ടെങ്കിൽ അതൊക്കെ വില്ലേജാപ്പീസ്സുകളൊ മറ്റൊ ആകും. പഴയ കാലങ്ങളിൽ തമ്പുരാക്കന്മാക്ക് താമസിക്കുന്നതിന്നവേണ്ടിതന്നെയല്ല ഗ്രാമങ്ങളിൽ കോവിലകങ്ങൾ പണിതിട്ടുള്ളതു്. ഇടക്കിടക്ക് ഉദ്യോഗസ്ഥന്മാക്ക് അവിടെ വന്ന താമസിച്ച് ജനങ്ങളുടെ യഥാർത്ഥ സ്ഥിതിഗതികൾ അറിയുന്നതിനുള്ള സൌകര്യത്തിന്നും കൂടിയാണ്. അതുകൊണ്ട് ആ പഴയ ഏപ്പാടുകളൊക്കെ പുനരാവിഷ്കരിപ്പിക്കണമെന്നാണ് എന്റെ ഈ റസല്യൂഷൻകൊണ്ട് ഉദ്ദേശിക്കുന്നതു്. അതുകൊണ്ട് പഴഞ്ഞി മുതലായ സ്ഥലത്തു് ഓരോ ടി. ബി. ഉണ്ടാക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നതു്. അതുണ്ടാക്കിയാൽ ഉദ്യോഗസ്ഥന്മാക്ക് camped at Pazhanji, camped at Mattam എന്നു വെറുതെ എഴുതാതെ കഴിക്കാം. അവക്ക് ഇവിടെയൊക്കെ സത്യമായും ക്യാമ്പുചെയ്യാൻ സാധിക്കും ഇനി പെട്രോൾ മുതലായതു കിട്ടുന്നതിനുള്ള വിഷമംകൊണ്ട് ചിലപ്പോൾ നമ്മുടെ ഉദ്യോഗസ്ഥന്മാക്ക് പണ്ടത്തെപ്പോലെ കാൽനടയായും കാളവണ്ടിയിലും മറ്റും സഞ്ചരിക്കേണ്ടതായിട്ടുവരും. അതുകൊണ്ടു കൂടി കൊച്ചി ട്രാവലേഴ്സ് ബംഗ്ളാവുകൾ ഇവിടെ സൃഷ്ടിക്കേണ്ടതു് അത്യാവശ്യമാണ്. കൊച്ചിരാജ്യത്തു് ഒട്ടാകെ ൫൦ ട്രാവലേഴ്സ് ബംഗ്ളാവുകൾ ഉണ്ടായാൽകൊള്ളാം. അതുകൊണ്ട് ഞാൻ ഈ സംഗതി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തിക്കൊള്ളുന്നു.

Mr. M. K. Devassy *(Adur):* I second it.

മിസ്റ്റർ എം. ഡി. നാരായണയ്യർ: സർ, ഗവൺമെണ്ടുദ്യോഗസ്ഥന്മാക്കും ബാക്കിയുള്ള വഴിയാത്രക്കാക്കും ഓരോ ദിക്കിൽ താമസിക്കുവാനുള്ള സൌകര്യം വേണ്ടതാണെന്നതു സമ്മതിക്കേണ്ട ഒരു കാര്യമാണ്. കുന്നംകുളത്തുനിന്നു പഴഞ്ഞിയിലേക്കു ൯ നാഴികയും മറ്റത്തിലേക്കു ൪ നാഴികയും ഉണ്ടാകും. അപ്പോൾ കുന്നംകുളത്തിന്റെ ഏറ്റവും അടുത്തുള്ള ഈ രണ്ടു സ്ഥലങ്ങളിൽ മുസാവരികൾ വെക്കണമെന്നു പറയുന്നതിന്റെ ഉദ്ദേശം മനസ്സിലാകുന്നില്ല.

മിസ്റ്റർ സി. വി. ഇയ്യു: ബഹുമാനപ്പെട്ട ചീഫ് എഞ്ചിനീയക്കു മലബാറിലുള്ള ടി. ബി. കൾ തമ്മിൽ എത്ര നാഴിക അകലമുണ്ടെന്നറിയാമൊ? ചാവക്കാട്ടുനിന്നു ചേറ്റുവായക്കു ൩ നാഴികയേ അകലമുള്ളു. പാലിശ്ശേരിയിൽനിന്നു തൃത്താലിയിലേക്കു ൪ നാഴികയേയുള്ളു. തൃത്താലിയിൽനിന്നു പട്ടാമ്പിയിലേക്കു ൩ നാഴികയേയുള്ളു. ഈ സ്ഥലങ്ങളിലൊക്കെ ഓരോ ടി. ബി. കളുണ്ട്.

മിസ്റ്റർ എം. ഡി. നാരായണയ്യർ: ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ പറഞ്ഞതു സാമാന്യേന ശരിയായിരിക്കാം. പക്ഷെ ബ്രിട്ടീഷിൽ ൩ നാഴികയും

LIBRARY ARCHIVES Kerala Legislative Assembly

ഫം നാഴികയും അകലമുള്ളതും കൊച്ചിയിൽ ഫശ നാഴികയും ഫം നാഴികയും അകലമുള്ളതും ഒരുപോലെയാണ്. കൊച്ചിയിലുള്ളപോലെ റോഡു സൌകര്യം ഇൻഡ്യയിൽ വേറെ ഒരുസ്ഥലത്തുമില്ല.

മിസ്റ്റർ സി. വി. ഇയ്യു: അതു ഞാനും സമ്മതിക്കുന്നു.

മിസ്റ്റർ എം. ഡി. നാരായണയ്യർ: റോഡു സൌകര്യമുള്ള സ്ഥിതിക്കു കുന്നം കുളത്തുനിന്നു കാലത്തു പഴഞ്ഞിയിൽ പോയി പരിശോധനയും കഴിഞ്ഞു ആ വില്ലേജിലെ കായ്ങ്ങളെപ്പറ്റി ജനങ്ങളുമായി സംഭാഷണവുംനടത്തി കുന്നംകുളത്തു മടങ്ങിവന്നു കൃഷിചെയ്യുന്നതിനു വിരോധമില്ലാത്ത ഒരു സ്ഥിതിയാണിവിടെയുള്ളതു്. തൃത്താലിയും പട്ടാമ്പിയും തമ്മിൽ വളരെ അടുപ്പമുണ്ടെങ്കിലും ഇടക്കു ഒരു പുഴയുള്ളതുകൊണ്ടു് വർഷക്കാലത്തു് കടന്നുപോകുന്നതിനു ചിലപ്പോൾ മൂന്നും നാലും മണിക്കൂർ അവിടെ താമസിക്കേണ്ടിവരും. ഇങ്ങിനെയുള്ള അസൌകര്യങ്ങളെക്കൊണ്ടാണു് അവിടെ ഇതു അടുത്തു് ടി. ബി. കൂടി സ്ഥാപിച്ചിട്ടുള്ളതു്. നമുക്കിവിടെ പത്തും പതിനഞ്ചും നാഴിക അകലത്തിൽ മുന്നാവരികളുണ്ടു്. നമുക്കു റോഡുകളുടെ സൌകര്യങ്ങളും നിമിത്തം ഫം നാഴിക അകലംവരെയുള്ള സ്ഥലങ്ങളിൽ പോയി കായ്ങ്ങളും അന്വേഷിച്ചു അന്നതന്നെ മടങ്ങിയെത്തുന്നതിനു സൌകര്യമുണ്ടു്. മുമ്പു് ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും മുന്നാവരികളിൽ താമസിച്ചിരുന്നു. ഇപ്പോൾ എന്റെ അറിവിൽ മൂന്നോ നാലോ ആളുകളെ ഒരു കൊല്ലത്തിൽ മുന്നാവരിയിൽ താമസിക്കാറുള്ളു. സർക്കാർ ഉദ്യോഗസ്ഥന്മാർക്കു അവിടെ പോകാതെ നിവൃത്തിയില്ല. നാലഞ്ചു കൊല്ലമായി മുന്നാവരികളിൽ വളരെ കുറച്ചു ആളുകൾ മാത്രമേ പോകാറുള്ളു. പിന്നെ ഉദ്യോഗസ്ഥന്മാർ മുന്നാവരികളിൽ താമസിക്കുന്നില്ലെന്നു പറഞ്ഞാൽ അവരുടെ ജോലി നടത്തുന്നില്ലായെന്നു് മിസ്റ്റർ ഇയ്യു പറയുമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല. ഓരോ ദിക്കിലേക്കു പോകാതെ എങ്ങിനെയാണു് കായ്ങ്ങൾ നടത്തുക. പ്രത്യേകിച്ചു് റവന്യു ഉദ്യോഗസ്ഥന്മാർക്കു് വില്ലേജുകളിൽ പോകേണ്ട ആവശ്യങ്ങളുണ്ടു്. അപ്പോൾ മുന്നാവരികളില്ലാത്തതുകൊണ്ടുള്ള ബുദ്ധിമുട്ടുകളുണ്ടെങ്കിൽ ആദ്യമായി അവരിൽനിന്നാണു് അതിനുള്ള കംപ്ലൈന്റു് ഉണ്ടാകേണ്ടതു്. പഴയന്തൂർ ഒരു മുന്നാവരി സ്ഥാപിച്ചിട്ടുള്ളതു് എന്റെ എഴുത്തുകുത്തിന്റെ ഫലമായിട്ടാണു്. ഉദ്യോഗസ്ഥന്മാർ ഇൻസ്പെക്ഷനുവേണ്ടിയും മറ്റും ഒരു സ്ഥലത്തു പോയാൽ അവിടെ താമസിക്കുന്നതിനു വേണ്ട സൌകര്യങ്ങളും വേണമെന്നു് അവക്കും വിചാരമുണ്ടാകും. പഴഞ്ഞിയിലും മറ്റത്തിലും മുന്നാവരികളില്ലാത്തതുകൊണ്ടു് യാതൊരു ബുദ്ധിമുട്ടും ഉള്ളതായിട്ടു അറിയുന്നില്ല. അതുകൊണ്ടു് അവിടെ മുന്നാവരികളും ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല.

പിന്നെ മുന്നാവരികളും ഇവിടെ ആവശ്യത്തിനു ഇല്ലെന്നു പറയുവാൻ പാടില്ല. തൃശ്ശിവപേരൂർനിന്നു് ഇരിങ്ങാലക്കുട മുന്നാവരിയിലേക്കു് ഫർ നാഴികയും, അവിടെനിന്നു് കരുപ്പടന്ന മുന്നാവരിയിലേക്കു് നു നാഴികയും, അവിടെനിന്നു കൊടുങ്ങല്ലൂർ മുന്നാവരിയിലേക്കു നു നാഴികയും മാത്രമേ അകലമുള്ളു. കരുപ്പടന്നയിൽനിന്നു് കൊടുങ്ങല്ലൂക്കു് കടത്തുള്ളതുകൊണ്ടാണു് അവിടെ അടുത്തായിട്ടു രണ്ടു സ്ഥലത്തും മുന്നാവരികളും സ്ഥാപിച്ചിട്ടുള്ളതു്. ഇതിലെല്ലാം വളരെ കുറച്ചു ആളുകൾ മാത്രമേ താമസിച്ചുപോകാറുള്ളു. കൊഴിഞ്ഞാമ്പാറ മുന്നാവരിയിൽ ഫഉ കൊല്ലത്തിന്നിടയ്ക്കു് ഫ ആളുകൾ മാത്രമേ താമസിച്ചിട്ടുള്ളു. അതു ഇപ്പോൾ വേറെ ആവശ്യത്തിനു കൊടുത്തിരിക്കയാണു്. അതുകൊണ്ടു് പഴഞ്ഞിയിലും, മറ്റത്തിലും മുന്നാവരികളും ആവശ്യമുണ്ടെന്നു് എനിക്കു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ ടി. ബി. കൊ ധാരാളമുണ്ടെങ്കിൽ അവിടെ കുറെ ആളുകൾക്കു് ജോലിയുണ്ടാകുമെന്നുള്ളതു് വേറെ കാര്യം.

മിസ്റ്റർ സി. വി. ഇയ്യു: സർ, എനിക്കു് ഇതിനു മറുപടി പറയുവാനുള്ളതു് ഉദ്യോഗസ്ഥന്മാർ താമസിക്കുന്നില്ലെന്നു കരുതി ടി. ബി. കൊ വേണ്ടെന്നു പറയുന്നതു് ഒരിക്കലും ശരിയല്ലെന്നാണു്. സാധാരണ ഉദ്യോഗസ്ഥന്മാർ ഊണും ഉറക്കവും കഴിഞ്ഞിട്ടു് സക്കൂട്ടു് ചെയ്യുവാൻ പോയാൽ വൈകുന്നേരം ഉണ്ണാൻകാലത്തു മടങ്ങിയെത്തും. ചില ഉദ്യോഗസ്ഥന്മാർ കാപ്പി കഴിഞ്ഞു അതികാലത്തെ പുറപ്പെട്ടു ജോലിയും കഴിച്ചു് മടങ്ങിയെത്തും. അപൂർവ്വം ചില വലിയ ഉദ്യോഗസ്ഥന്മാർ, ചീഫ് സിക്രട്ടറി ദിവാൻപേഷ്കാരായിരുന്നപ്പോഴും, ഇപ്പോഴത്തെ ദിവാൻപേഷ്കാരുമായതുകൊണ്ടായിരിക്കും മു-ം ര-ം ദിവസം ചില വില്ലേജുകളിൽ ക്യാമ്പുചെയ്യാവുള്ളതു്. ചിലപ്പോൾ പോലീസ്സു് കമ്മീഷണർ വന്നു് രണ്ടും മൂന്നും ദിവസം കുന്ദംകുളത്തു താമസിച്ചിരുന്നു. അതു് പണി എടുക്കുവാൻ വേണ്ടിയിട്ടായിരിക്കും. ഇങ്ങിനെ ക്യാമ്പു ചെയ്യുന്നതായാൽ ജോലിക്കു വിഘ്നം കൂടാതേയും, ജോലി നന്നായിട്ടും, സൌകര്യമായിട്ടും നടത്തിക്കൊണ്ടുപോകാൻ സാധിക്കുമെന്നുള്ളതിനു പുറമെ, വില്ലേജുകളിലുള്ളവരുടെ ആവശ്യങ്ങളും ആവലാതികളും നേരിട്ടറിയുന്നതിനും, അതിനു വേണ്ട പരിഹാരമുണ്ടാക്കുന്നതിനും സാധിക്കുന്നതാണു്. ആ തത്വത്തെ അടിസ്ഥാനമാക്കിയാണു് പഴഞ്ഞിയിലും, മറ്റത്തീല്യും ടി. ബി. വേണമെന്നു ഞാൻ പറയുന്നതു്. ഈ തത്വം ഗവൺമെണ്ടു അംഗീകരിക്കണം. എന്നുതന്നെയല്ല, ഉദ്യോഗസ്ഥന്മാർ വിസിറിനു പോയാൽ അതാതു ടി. ബി. കളിൽ താമസിച്ചുകൊള്ളണമെന്നു് നിബ്ബന്ധിക്കുകയും വേണം. നമ്മുടെ വലിയ ഉദ്യോഗസ്ഥന്മാർ എറണാകുളത്തും തൃശ്ശിവപേരൂരും മാത്രം താമസിച്ചുകൊണ്ടിരുന്നാൽ വില്ലേജുകളിലെ പരിതസ്ഥിതികളും മനസ്സിലാക്കുവാൻ സാധിക്കുകയില്ല. ഈ റസലൂഷൻ ഞാനിവിടെ പ്രസ്സുചെയ്യണമെന്നു വിചാരിക്കുന്നില്ല. ഇതിന്റെ തത്വം ഗവൺമെണ്ടു സ്വീകരിക്കണമെന്നേ എനിക്കു് ഉദ്ദേശമുള്ളു. ഇതും പറഞ്ഞുകൊണ്ടു് ഞാൻ ഈ പ്രമേയം പിൻവലിച്ചുകൊള്ളുന്നു.

Resolution by leave withdrawn

RESOLUTION No. 38

Introduction of a Bill providing for an instalmental scheme of payments of the debts

Mr. M. K. Devassy *(Adur):* Sir, The resolution which I commend for the acceptence of the House is: "*This Council recommends to the Government to introduce a bill providing for an instalmental scheme of payment of the debts of the agriculturists spreading over a period of at least 15 years.*"

It is unnecessary for me to make a lengthy speech in support of this motion. The problem of indebtedness has been the subject-matter of discussion in this House several times. Several aspects of the problem has been threshed out on the floor of this House and considered by this House and the Treasury Bench. The immediate provocation for me to send this resolution was the calamitous cyclone

LIBRARY ARCHIVES Kerala Legislative Assembly